"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ ക്ലിപ്തം നമ്പർ 4330-ന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.315/2025/Co-Op തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-
1. 13/05/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പിന്റെ നടപടിക്രമം
2. സഹകരണ സംഘം രജിസ്ട്രാറുടെ 19/06/2025ലെ പി &എം ബി(4) 8926/2024 നം. കത്ത്.
3. ഇ. അനുമതി നം.AS/COP/25/43476

**ഉത്തരവ്**

കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ ക്ലിപ്തം നമ്പർ 4330-ന് പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് വായ്പകൾ നൽകുന്നതിന് സർക്കാർ ധനസഹായമായി ഓഹരിയിനത്തിൽ 200.00 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം അംഗീകരിച്ചിരുന്നു. ടി തുക (ഓഹരി) 4425-108-68-34-3 ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതിയും റിലീസ് ഉത്തരവും ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, 13/05/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ ക്ലിപ്തം നമ്പർ 4330-ന് ഓഹരി മൂലധനമായി 200.00 ലക്ഷം രൂപ (ഇരുന്നൂറ് ലക്ഷം രൂപ മാത്രം) ഓഹരി - 4425-108-68-34-3 ശീർഷകത്തിൽ നിന്നും

**2025-26** സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ബി3/113/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 30-06-2025 13:15:28
സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ